rala Kaumudi 21.01. 20

# തൃശൂരിൽ ഇനി പൂക്കളുടെ പൂരം

തൃശ്ശൂർ: തൃശ്ശൂരിന് ഇനി വസന്തോത്സവം; തേക്കിൻകാട്ടിൽ തൃശ്ശൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള 40-ാമത് തൃശ്ശൂർ പുഷ്പോത്സവത്തിന് തുടക്കമായി. മന്ത്രി വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. രാവിലെ പുഷ്പോത്സവത്തോടനുബന്ധിച്ച് കേരള കാർഷിക സർവകലാശാല വിജ്ഞാപന വ്യാപന ഡയറക്ടറേറ്റിൽ മുഖാമുഖവും കാർഷിക ക്ലിനിക്കും പ്രവർത്തിച്ചു. അപൂർവ ഇനം വിദേശച്ചെടികളും അന്താരാഷ്ട്ര നിലവാരമുള്ള നൂറിൽപരം ഓർക്കിഡുകളും ഇത്തവണ മേളയിലുണ്ട്. ഞായറാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ പാട്ടുരായ്ക്കൽ ദേവമാതാ സ്കൂളിൽ കുട്ടികളുടെ ചിത്രരചനാ മത്സരം നടക്കും. വൈകിട്ട് അഞ്ചിന് കരോക്കെ ഗാനാലാപന മത്സരം അരങ്ങേറും. 28 വരെയാണ് മേള.